തിനൊന്നും ഇപ്പോൾ കണക്കാക്കി കൊടുക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഉള്ളതുകൊണ്ടാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരു ഏക്കറിന്റെ പട്ടയം കിട്ടുകയും 2 ഏക്കർ കൈവശം ഉണ്ടെന്ന പ്രശ്നം വരുന്നത്. ആ പ്രശ്നത്തിനൊക്കെ ഏങ്ങനെയാണ് പരിഹാരം കാണാൻ കഴിയുക എന്നത് നമ്മൾ പരിശോധിക്കുന്നുണ്ട്. ഇതിൽ ഒരു കാരണവശാലും ഒരു ക്രിത്രിമവും നടക്കാൻ പാടില്ല എന്നുള്ളതുകൊണ്ട് 1.1.1977-നു മുമ്പ് സംയുക്ത സർവേ നടത്തിയ ലിസ്റ്റ് അതാത് വില്ലേജ് ഓഫീസുകളിൽ അവരുടെ പേര്, അവരുടെ കൈവശമുണ്ടായിരുന്ന ഭൂമി, അവയുടെ സ്വഭാവം എന്നീ വിവരങ്ങളുള്ള ലിസ്റ്റ് പൊതുജനങ്ങൾക്ക് കാണാൻ തക്ക തരത്തിൽ പ്രദർശിപ്പിക്കണം, പബ്ലിഷ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം വരികയാണെങ്കിൽ ആ ആക്ഷേപങ്ങൾകൂടി പരിശോധിച്ച് പരിഹാരം ഉണ്ടാക്കുന്നതിനായി ആ ഉപദേശക സമിതികളുമായി ബന്ധപ്പെട്ടുവേണം ഈ പട്ടയത്തിന്റെ പ്രവർത്തനം നടത്താൻ എന്ന് തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക്, ഇന്ന് പട്ടയം കിട്ടുന്നില്ല എന്ന പ്രശ്നവുമായി ബന്ധപ്പെട്ട ആയിരക്കണക്കിന് കൃഷിക്കാർക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയും. ഗവൺമെന്റ് വളരെ താൽപ്പര്യപൂർവ്വം ഈ കാര്യത്തിൽ അനുമതി വാങ്ങുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. കഴിയുന്നതുംവേഗം പരിഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. രാജു എബ്രഹാം : സർ, യൂണിറ്റടിസ്ഥാനത്തിൽ ജില്ലാ ഉപദേശക സമിതികൾ എന്ന് നിലവിൽ വരും എന്നുള്ള ഒരു ഉറപ്പ് നൽകാമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : 5 ജില്ലകളിൽ പട്ടയം കൊടുക്കുന്ന നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പട്ടയം കൊടുക്കുന്ന പ്രവർത്തനങ്ങളെ സഹായക്കുന്നതിനുവേണ്ടിയാണ് ജില്ലാ ഉപദേശക സമിതികൾ രൂപീകരിക്കണമെന്ന് തീരുമാനിച്ചത്. കർഷക സംഘടനകൾ പേരു കൊടുക്കുന്നതിന് കാലതാമസം വന്നാൽ ഡിസംബർ മാസം 15-നു മുൻപെങ്കിലും വന്നിരിക്കണമെന്ന് കളക്ടർ നിർദ്ദേശം കൊടുത്തതാണ്. ഏതെങ്കിലും ജില്ലകളിൽ അത് രൂപീകരിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായിട്ട് രൂപീകരിക്കും. ഒരാഴ്ചകൊണ്ട് രൂപീകരിക്കാൻ ആവശ്യമായിട്ടുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കും.

## III. തിരുത്ത്

### മേൽത്തട്ട് വ്യവസ്ഥകൾ സംബന്ധിച്ച സുപ്രീംകോടതി വിധിയെപ്പറ്റി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി 15.12.1999 -ന് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിലെ തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 15.12.1999-ന് ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച് ക്രീമീലെയർ സംബന്ധിച്ച സബ്മിഷന് ഞാൻ നൽകിയ മറുപടിയിൽ ഒരു ചെറിയ പിശകുണ്ട്. "ചീഫ് സെക്രട്ടറിക്കെതിരെയുള്ള കോർട്ടലക്ഷ്യ നടപടികൾ സുപ്രീംകോടതി വേണ്ടെന്നു വച്ചതായി" ഞാൻ പറഞ്ഞിരുന്നു. എന്നാൽ അത് ശരിയല്ല. വിധിയുടെ പകർപ്പ് ഇന്നലെ വൈകിട്ടാണ് ലഭിച്ചത്. അതിൽ പറയുന്നത് "Sou motu contempt of case started earlier shall be listed after a period of 3 months" എന്നാണ്. തിരുത്തിയ മറുപടി സഭയുടെ അറിവിലേയ്ക്കായി ഖേദപൂർവ്വം സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly